# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 3512**

**12.12.2014 - ൽ**
**മറുപടിക്ക്**

## കാർഷിക വിദ്യാഭ്യാസ മേഖലയിൽ സ്വാശ്രയകോഴ്സുകൾ ആരംഭിക്കാൻ നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ജെയിംസ് മാത്യു | | ശ്രീ.കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് കാർഷിക വിദ്യാഭ്യാസ മേഖലയിൽ സ്വാശ്രയകോഴ്സുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;<br>ബി) ഇതിന് പ്രേരിപ്പിച്ച ഘടകങ്ങൾ എന്തൊക്കെയാണ് ; | എ) & ബി) | കാർഷിക വിദ്യാഭ്യാസ മേഖലയിൽ സ്വാശ്രയ കോഴ്സുകളും, അഫിലിയേറ്റഡ് കോളേജുകളും ആരംഭിക്കണമെന്ന് കാർഷിക സർവ്വകലാശാലയുടെ 111-)മത്തെ ജനറൽ കൗൺസിലിൽ തീരുമാനം കൈകൊണ്ടിട്ടുണ്ട്. ഇത് നടപ്പിലാക്കണമെങ്കിൽ നിലവിലുള്ള കാർഷിക സർവ്വകലാശാല നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തേണ്ടതുണ്ട്. ഇതര പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലകളിൽ ആവശ്യത്തിന് സ്വാശ്രയ കോഴ്സുകൾ ആരംഭിച്ച പശ്ചാത്തലത്തിലാണ് കാർഷിക മേഖലയിൽ കൂടി ഇത്തരം കോഴ്സുകൾ തുടങ്ങുന്നതിനെ കുറിച്ച് ചിന്തിക്കുന്നത്. എന്നാൽ സർക്കാർ ഇത് സംബന്ധിച്ച് തീരുമാനമൊന്നും ഇതുവരെ എടുത്തിട്ടില്ല. |
| സി) ഇപ്പോൾ സംസ്ഥാനത്ത് ഈ മേഖലയിൽ എത്ര സീറ്റുകളാണ് ഓരോ കോഴ്സിനുമുള്ളത്; | സി) | 1. ബി.എസ്.സി (അഗ്രി) - 209<br>2. എം.എസ്.സി (അഗ്രി) - 166<br>3. പി.എച്ച്.ഡി (അഗ്രി) - 65<br>4. ബി.എസ്.സി (ഫോറസ്ട്രി) - 30<br>5. എം.എസ്.സി (ഫോറസ്ട്രി) - 16<br>6. പി.എച്ച്.ഡി. (ഫോറസ്ട്രി) - 7<br>7. ബി.എസ്.സി കോ ഓപ്പറേഷൻ ബാങ്കിംഗ് ആന്റ് മാനേജ്മെന്റ് - 40<br>8. എം.എസ്.സി കോ ഓപ്പറേഷൻ ബാങ്കിംഗ് ആന്റ് മാനേജ്മെന്റ് - 12<br>9. പി.എച്ച്.ഡി കോ ഓപ്പറേഷൻ ബാങ്കിംഗ് ആന്റ് മാനേജ്മെന്റ് - 2<br>10. ബി.ടെക് അഗ്രികൾച്ചർ എഞ്ചിനീയറിംഗ് - 49<br>11. എം.ടെക് അഗ്രികൾച്ചർ എഞ്ചിനീയറിംഗ് - 18<br>12. പി.എച്ച്.ഡി അഗ്രികൾച്ചർ എഞ്ചിനീയറിംഗ് - 6<br>13. ബി.ടെക് ഫുഡ് എഞ്ചിനീയറിംഗ് - 30<br>14. എം.ബി.എ - 40<br>15. എം.എസ്.സി (ഇന്റഗ്രേറ്റഡ്) സി.സി.എ - 20<br>16. എം.എസ്.സി (ഇന്റഗ്രേറ്റഡ്) ബയോടെക്നോളജി - 20<br>17. ഡിപ്ലോമ ഇൻ അഗ്രികൾച്ചറൽ സയൻസസ് - 50<br>18. ഡിപ്ലോമ ഇൻ ഓർഗാനിക്ക് അഗ്രികൾച്ചർ - 20 |

19. പി.ജി. ഡിപ്ലോമ ഇൻ സോളിഡ് വെയിസ്റ്റ് മാനേജ്മെന്റ് - 10

20. പി.ജി. ഡിപ്ലോമ ഇൻ അനലിറ്റിക്കൽ ടെക്നിക്സ് - 30

| | |
|---|---|
| **ഡി)** ഇത് വർദ്ധിപ്പിക്കേണ്ട സാഹചര്യം ഇപ്പോൾ നിലവിലുണ്ടോ; ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ? | **ഡി)** ഇതു സംബന്ധിച്ച് പഠനങ്ങളൊന്നും നടത്തിയിട്ടില്ല. എന്നാൽ സംസ്ഥാനത്തിന് പുറത്ത് വിദ്യാർത്ഥികൾ ഇത്തരം കോഴ്സുകൾക്കായി അഡ്മിഷൻ തേടി പോകുന്ന സാഹചര്യം നിലവിലുണ്ട്. |

Shereena

**സെക്ഷൻ ഓഫീസർ**